"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.2968/2023/RD തീയതി,തിരുവനന്തപുരം, 11-08-2023

---

പരാമർശം:-
1. 22.10.2021 തീയതിയിലെ സ.ഉ.(കൈ)നം.203/2021/റവന്യൂ
2. സ.ഉ. (സാധാ) നം. 141/2023/റവ തീയതി 09.01.2023
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 11.07.2023-ലെ എൽ-ആർ/4401/2021-എൽആർ (എച്ച്1) നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ് 19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ആയി ആദ്യസമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേക്ക് (36 മാസം) വ്യവസ്ഥകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തിരുവനന്തപുരം ജില്ലയിൽ കോവിഡ് 19 മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 2022 നവംബർ വരെയുള്ള ധനസഹായം പരാമർശം (2) പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 2023 ഫെബ്രുവരി വരെയുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള തിരുവനന്തപുരം ജില്ലാകളക്ടറുടെ പ്രപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ആയത് പ്രകാരം 2023 ഫെബ്രുവരി വരെയുള്ള ബി പി എൽ പെൻഷൻ വിതരണത്തിനായി ആകെ 1,24,10,000/- രൂപ അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാകളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. മേൽ വിഷയം സർക്കാർ പരിശോധിച്ചു. കോവിഡ് 19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് **1,24,10,000/- രൂപ (ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി പതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന **1,24,10,000/- രൂപ (ഒരു കോടി**

**ഇരുപത്തിനാല് ലക്ഷത്തി പതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIRANI K
DEPUTY SECRETARY

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 14-08-2023 10:24:14
സെക്ഷൻ ഓഫീസർ